## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1227      30.09.2016 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹനവകുപ്പ് അഴിമതിമുക്തമാക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹനവകുപ്പ് അഴിമതിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ഏജന്റുമാരുടെയും മധ്യവർത്തികളുടെയും പിടിയിൽ നിന്നും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളെ വിമുക്തമാക്കുക, പൊതുജനങ്ങൾക്ക് നേരിട്ട് ഓഫീസിൽ ഹാജരായി വിവിധ സേവനങ്ങൾ സുഗമമായി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്കായി കാലാകാലങ്ങളിൽ വിവിധ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി വകുപ്പ് ഇ-പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തി കഴിഞ്ഞു. മാത്രമല്ല പൊതുജനങ്ങൾക്ക് വേണ്ട മുന്നറിയിപ്പുകൾ നൽകുന്ന നിർദ്ദേശങ്ങളടങ്ങിയ ബോർഡുകളും എല്ലാ ഓഫീസുകളിലും വ്യക്തമായി പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എന്തെല്ലാം ഊർജ്ജിത ഇ-ഗവേണൻസ് സംവിധാനങ്ങളാണ് വകുപ്പിൽ ഒരുക്കിയിട്ടുള്ളത്; വിവരിക്കുമോ; | (ബി) | മോട്ടോർ വാഹന വകുപ്പിൽ 25 ഓളം സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സംവിധാനങ്ങൾ വഴി എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്നത്? വ്യക്തമാക്കാമോ? | &<br><br><br><br><br><br>(സി) | ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 20 സേവനങ്ങൾക്ക് ഓൺലൈനായി പണമടക്കുന്നതിനുള്ള സംവിധാനവും ഉണ്ട്. കൂടാതെ പുതുതായി രജിസ്റ്റർ ചെയ്യുന്ന നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. എല്ലാത്തരം വാഹനങ്ങളുടേയും നികുതി ഓൺലൈനായി അടക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ആണ് ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ തയ്യാറാക്കുന്നത്. എസ്.ബി.റ്റി/എസ്.ബി.ഐ എന്നീ ബാങ്കുകൾ ഉൾപ്പെടുന്ന ഓൺലൈൻ പേയ്മെന്റ് സംവിധാനമാണ് നിലവിൽ വകുപ്പിൽ നടപ്പിലാക്കിയിരിക്കുന്നത്. ഈ സംവിധാനം ഇ-ട്രഷറി സംവിധാനത്തിലേക്കു മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇ-ട്രഷറി സംവിധാനത്തിൽ നിലവിൽ 9 ഓളം സേവനങ്ങൾ ലഭ്യമാണ്. കൂടാതെ ഡ്രൈവിംഗ് ടെസ്റ്റിനായുള്ള തീയതി അപേക്ഷകന് തനിയെ തിരഞ്ഞെടുക്കാനുള്ള സൗകര്യവും ഓൺലൈനായി ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതു വകുപ്പിന്റെ വരുമാന വർധന എന്നതിലുപരി ഇടനിലക്കാരെ ഒഴിവാക്കി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. |

**സെക്ഷൻ ഓഫീസർ**